പാണ്ടിക്കടി—ചെല്ലാനം റോഡ്

*൯ ൫൨. (൨) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പാണ്ടിക്കടി—ചെല്ലാനം റോഡിന്റെ പണി എത്രകണ്ട് പുരോഗമിച്ചു;

(ബി) ഈ സാമ്പത്തിക വർഷത്തിൽ ഈ പണിക്ക് എത്ര സംഖ്യ ബഡ്ജറ്റിൽ കൊള്ളിച്ചു;

(സി) അതിൽ എത്ര ചിലവാക്കി;

(ഡി) ഈ റോഡുപണി എന്നു പൂർത്തിയാകുമെന്നാണ് പ്രതീക്ഷ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) രാമേശ്വരം പള്ളിത്തുറ എന്നീ വില്ലേജുകളിൽ നിന്നും പൊന്നും വിലയ്ക്ക് എടുത്ത് കൊടുക്കേണ്ട ഭൂമി കൈവശം കിട്ടി. ടി സ്ഥലത്തുള്ള പണി കൺട്രാക്ട് കൊടുത്തു പണി നടന്നു വരുന്നു. റോഡിൽ പണിയേണ്ടതായ വൻ അടി നീളമുള്ളതായ കല്ലുകളിൽ മുന്നെണ്ണംപണിതു നിലനിരപ്പിൽ എത്തി. നാലാമത്തേതിന്റെ അസ്ഥിവാരം പണിയുന്നു.

(ബി) ൭ ൦,൦ ൦ ൦ രൂപാ.

(സി) ൨,൯ ൦൯ രൂപാ൯ അണ൯ സ.

(ഡി) ഫൻ൫൨ ഫെബ്രുവരി അവസാനത്തോടുകൂടി പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

കുമ്പളങ്ങി റോഡ്

*൯ ൫൯. (൯) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചിവിഭാഗത്തിൽ പെരുമ്പടപ്പു കടത്തുമുതൽ കുമ്പളങ്ങിവരെയുള്ള റോഡ് നന്നാക്കുന്നതിനായി വല്ല എസ്റ്റിമേറും തുലൂവായിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ലഭിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ അതിൽ എന്തു നടപടി എടുത്തു?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്ന റോഡ് കുമ്പളങ്ങി—എഴുപുന്ന റോഡാണെന്നു വിചാരിക്കുന്നു. അതിന്റെ എസ്റ്റിമേറ് തുലൂവാ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ലഭിക്കുകയുണ്ടായി.

(ബി) കഴിഞ്ഞകൊല്ലം ഇതിന്റെ പണി ഒരു കരാറിനേൽ കൊടുക്കുകയും ഏകദേശം പണി തീർന്നുകഴിയുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചില ഭാഗങ്ങളിൽ ഉടമസ്ഥന്മാരാൽ വിട്ടുതരപ്പെട്ടിരുന്ന സ്ഥലങ്ങളും റവന്യൂ അധികാരികളും പി. ഡബ്ലിയു. ഡി.യെ എല്പിച്ചിട്ടില്ലാത്തതിനാൽ ശേഖരിച്ചിരിക്കുന്ന കല്ല് വിരിക്കുവാൻ സാധിച്ചില്ല.

സഹകരണസംഘങ്ങളുല്ലാത്ത നൽലൈസൻസികൾ

*൯ ൫൭. (൧൦) ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി അടിയിൽ കുറിക്കുന്ന ചോദ്യങ്ങൾക്ക സദയം മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly